## പതിമൂന്നാം കേരള നിയമസഭ
### ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1575** 14.12.2012 ൽ മറുപടിയ്ക്ക്.

## കൃഷിഭവനുകളുടെ പരിഷ്ക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.എ.അഹമ്മദ് കബീർ<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ.കെ.എം.ഷാജി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൃഷിഭവനുകളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (എ) കൃഷി ഭവനുകളുടെ പ്രവർത്തനം പരിഷ്കരിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ എടുത്തിട്ടുണ്ട്.<br>1. എല്ലാ കൃഷി ഭവനുകളും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. ഇ-മെയിൽ സൗകര്യവും നൽകിയിട്ടുണ്ട്.<br>2. കാർഷിക പദ്ധതികളുടെ ആനുകൂല്യങ്ങൾ ഇ-പേയ്മെന്റായി നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചു.<br>3. കാർഷിക വിഭവങ്ങൾ കൃഷി ഭവനിൽ കൂടി സംഭരിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.<br>4. തെരഞ്ഞെടുത്ത കൃഷി ഭവനുകളിൽ ഇൻഫർമേഷൻ കൗണ്ടറുകൾ സ്ഥാപിച്ചിട്ടുണ്ട്.<br>5. കൃഷി ഉദ്യോഗസ്ഥർക്ക് യാത്രാസൗകര്യം വർദ്ധിപ്പിച്ച് കൃഷിയിടങ്ങൾ സന്ദർശിക്കുന്നതിനും മറ്റുമായി ടൂ വീലർ സൗകര്യം ഏർപ്പെടുത്തുന്നു. |
| (ബി) കൃഷിഭവനുകൾക്ക് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; ഏതൊക്കെ പദ്ധതികളുടെ നടത്തിപ്പാണ് കൃഷി ഭവനുകൾ നിർവ്വഹിക്കുന്നത് ; സ്റ്റാഫ് പാറ്റേൺ എന്താണെന്ന് വിശദമാക്കുമോ ; | (ബി) കൃഷി ഭവനുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് ചുവടെ വിശദീകരിക്കുന്നു.<br>1. കൃഷിയിടങ്ങൾ സന്ദർശിച്ച് കൃഷിയ്ക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക.<br>2.കർഷകർക്ക് പരിശീലനം നൽകുക.<br>3. കൃഷി വകുപ്പിന്റെ പദ്ധതികളെക്കുറിച്ചും സാങ്കേതിക വിദ്യകളെക്കുറിച്ചുമുള്ള ബോധവൽക്കരണം നടത്തുക.<br>4. ആധുനിക കൃഷി രീതികളെക്കുറിച്ച് പരിചയപ്പെടുത്തുവാൻ പ്രദർശന തോട്ടങ്ങൾ സംഘടിപ്പിക്കുക.<br>5. നടീൽ വസ്തുക്കളുടെ വിതരണം നടത്തുക . |

6. വിത്ത്, രാസവളം, കീടനാശിനി എന്നിവയുടെ നിയമാനുസൃതമായ ഗുണമേന്മ പരിശോധിച്ച് ഉറപ്പ് വരുത്തുക.

7. വിപണിയിൽ ഇടപെടുകയും വിപണനത്തിനുള്ള അടിസ്ഥാന സൗകര്യവും ഒരുക്കുക.

8. ഉൽപ്പാദന ചെലവ് കുറയ്ക്കുന്നതിനായി കാർഷിക യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുക.

എല്ലാ സംസ്ഥാന-കേന്ദ്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും കാർഷിക പദ്ധതികളുടെ നിർവ്വഹണം നടപ്പിലാക്കുന്നത് കൃഷി ഭവൻ മുഖേനയാണ്.

ഒരു കൃഷി ഭവനിൽ കൃഷി ഓഫീസറും, 2 അല്ലെങ്കിൽ 3 കൃഷി അസിസ്റ്റന്റും എന്നതാണ് സ്റ്റാഫ് പാറ്റേൺ.

(സി) കൃഷിഭവൻ ഉദ്യോഗസ്ഥരുടെ ഓഫീസ്, ഫീൽഡ് വർക്കുകൾ എന്നിവയ്ക്ക് പ്രത്യേക ദിവസനിബന്ധനകളുണ്ടോ ; ഇല്ലെങ്കിൽ ഓഫീസ് കാര്യങ്ങൾക്ക് പ്രത്യേകദിവസം നിശ്ചയിക്കുകയും, കൃഷിക്കാരെയും കൃഷിയിടങ്ങളും സന്ദർശിക്കുന്നതിന് മറ്റു ദിവസങ്ങൾ നിശ്ചയിച്ച് ആയത് ഓരോ ആഴ്ചയിലും പ്രദർശിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

(സി) കൃഷി ഓഫീസറും കൃഷി അസിസ്റ്റന്റുമാരും ബുധനാഴ്ച ദിവസം ഓഫീസ് ജോലിക്കായി കൃഷി ഭവനിൽ ഉണ്ടായിരിക്കേണ്ടതാണ്. മറ്റു ദിവസങ്ങളിൽ ഹെഡ്ക്വാർട്ടേഴ്സ് അസിസ്റ്റന്റ് കൃഷിഭവനിലും മറ്റ് ജീവനക്കാർ ഫീൽഡ് സന്ദർശനം നടത്തുന്നതിനുമാണ് നിശ്ചയിച്ചിരിക്കുന്നത്. ഓരോ കൃഷി ഉദ്യോഗസ്ഥർക്കും job chart അനുസരിച്ച് പ്രവൃത്തി മേഖല നിശ്ചയിച്ച് ഫീൽഡ് സന്ദർശനം നടത്തി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ